(ബി) വനാന്തരങ്ങളിൽ കൂട്ടായി അധിവസിക്കുന്ന ഗിരിവർഗ്ഗ-ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ പാരമ്പര്യതനിമയും സാംസ്കാരിക രീതികളും സംരക്ഷിക്കുന്നതിനായി കേരളത്തിലെ ഗോത്രവർഗ്ഗക്കാരെക്കുറിച്ചുള്ള സാംസ്കാര പഠനങ്ങൾ നടത്തിവരികയാണ്.

(സി&ഡി) ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ പാരമ്പര്യ ചികിത്സാരീതികളുടെ ക്രോഡീകരണം കിർട്ടാഡ്സ് നടത്തിവരുന്നു. 80-ൽപരം ഗോത്രവർഗ്ഗ ചികിത്സകരെ ഇതിനോടകം കണ്ടെത്തിയിട്ടുണ്ട്. മുൻവർഷങ്ങളിൽ 7500 രൂപ വീതം 50 പ്രധാന വംശീയ ചികിത്സകൾക്ക് വാർഷിക ഗ്രാന്റ് നല്കുകയുണ്ടായി. കഴിഞ്ഞ ഏഴ് വർഷങ്ങളിലും വംശീയവൈദ്യരുടെ സംസ്ഥാനതല ശില്പശാല കിർട്ടാഡ്സ് സംഘടിപ്പിക്കുകയും അവർക്ക് തങ്ങളുടെ ബൗദ്ധികജ്ഞാന സമ്പത്തിനെക്കുറിച്ചും അതിന്റെ സംരക്ഷണത്തിനുവേണ്ട നടപടികളെക്കുറിച്ചും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(ഇ) ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ സാംസ്കാരിക തനിമ പരിപോഷണത്തിന് വേണ്ടി കിർട്ടാഡ്സ് ആദികലാഗ്രാമ പ്രവർത്തനങ്ങൾ നടത്തിവരുന്നു. മുഖ്യകലാകാരന്മാർ, കലാകാരികൾ, കരകൗശല വിദഗ്ദ്ധർ, പാരമ്പര്യസംഗീതജ്ഞർ, പ്രധാന ഗോത്രവർഗ്ഗ കലാസമിതികൾ തുടങ്ങിയവയ്ക്ക് വാർഷിക ഗ്രാന്റ് നല്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്.

ഗ്രാമീണ ശുദ്ധജല വിതരണത്തിന് ലോകബാങ്ക് ധനസഹായം

26 (*204) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ ശുദ്ധജലവിതരണത്തിന്റേയും എൻവയൺമെന്റൽ സാനിറ്റേഷന്റെയും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി ലോകബാങ്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ബി) ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാം ;

(സി) ഏതെല്ലാം പദ്ധതികൾ ആണ് ഇതിനുപയോഗിക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഈ പദ്ധതികൾക്ക് കൺസൾട്ടന്റിനെ നിയമിക്കേണ്ടതുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ കൺസൾട്ടന്റിന്റെ പ്രതിഫലം എത്രയാണ് ;

(എഫ്) കൺസൾട്ടന്റിനെ നിയമിക്കേണ്ട രീതി വിശദീകരിക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ജനപങ്കാളിത്തത്തോടെ ഗ്രാമീണശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിനും മറ്റ് അനുബന്ധ പദ്ധതികൾക്കുമായി ലോകബാങ്കിൽ നിന്നും ഏകദേശം 65.5 മില്യൻ ഡോളർ (ഏകദേശം 300 കോടി രൂപ) സഹായം ലഭ്യമാക്കുന്നതിനുള്ള കരാർ 2001 ജനുവരി 4-ന് ഒപ്പു വച്ചു. ഇതുവരെ ധനസഹായം ഒന്നും ലഭിച്ചിട്ടില്ല. പണം ലഭിച്ചു തുടങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിൽ ഗുണഭോക്തൃ കമ്മിറ്റികൾ രൂപവൽക്കരിച്ച് അവരുടെ പങ്കാളിത്തത്തോടെ ശുദ്ധജലവിതരണ പദ്ധതികൾ നടപ്പാക്കുന്നതിനാണ് ലോകബാങ്കുമായുള്ള കരാർ ലക്ഷ്യമിട്ടിട്ടുള്ളത്. ലോകബാങ്ക് അനുവദിക്കുന്ന കടം കേന്ദ്രസർക്കാരിനാണ് ആദ്യം ലഭിക്കുക. കേന്ദ്രത്തിൽ നിന്നും അധിക കേന്ദ്രധനസഹായമായി ഈ തുക സംസ്ഥാനത്തിന് കൈമാറുന്നു. ഇതിന്റെ 70 ശതമാനം കടമായും 30 ശതമാനം ഗ്രാന്റായുമാണ് ലഭിക്കുക. സംസ്ഥാന സർക്കാർ കേന്ദ്രത്തിലേയ്ക്ക് തിരിച്ചടയ്ക്കുന്ന തുക ലോകബാങ്കിന് തിരിച്ചടക്കുന്ന ചുമതല കേന്ദ്രസർക്കാരിന്റേതാണ്.

(സി) തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ 80 ഗ്രാമപഞ്ചായത്തുകളിലായി ഏകദേശം 2500 ചെറുകിട ശുദ്ധജലവിതരണ പദ്ധതികളും മറ്റു അനുബന്ധപദ്ധതികളും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി&ഇ) ഈ പദ്ധതിക്ക് പൊതുവേ ഒരു കൺസൾട്ടന്റിനെ നിയമിക്കേണ്ട ആവശ്യമില്ല. എന്നാൽ പദ്ധതി റിപ്പോർട്ട് തയ്യാറാക്കൽ, കംപ്യൂട്ടർവൽകൃത മാനേജ്മെന്റ് സിസ്റ്റത്തിന് രൂപം നൽകൽ തുടങ്ങിയ കാര്യങ്ങൾക്ക് കൺസൾട്ടന്റുകളെ നിയമിച്ചിട്ടുണ്ട്. പദ്ധതി റിപ്പോർട്ട് തയ്യാറാക്കി ജോലി തീർത്തു കഴിഞ്ഞു. ധനകാര്യ മാനേജ്മെന്റ് സംബന്ധിച്ച ജോലി നടന്നു വരുന്നു. ഇതുവരെ നിയമിച്ച പ്രധാന കൺസൾട്ടന്റുമാരുടെ വിവരം താഴെ കൊടുക്കുന്നു.

കൺസൾട്ടൻസി നിയമനത്തിന്റെ ആവശ്യം	കൺസൾട്ടന്റ്	പ്രതിഫലം (രൂപ)
1. പ്രോജക്ട് ഇംപ്ലിമേന്റേഷൻ പ്ലാൻ തയ്യാറാക്കൽ	പ്രൊഫ. സി.എസ്. രഞ്ജിത്	5,49,000.00
2. ഫിനാൻഷ്യൽ മാനേജ്മെന്റ് സ്റ്റഡി	എം/എസ്. റൈറ്റ്സ് ന്യൂഡൽഹി	40,17,140.00
3. (എ) കപ്പാസിറ്റി അസസ്സ്മെന്റ് സ്റ്റഡി	ലയോള എക്സ്റ്റൻഷൻ (എ) സർവ്വീസ്	6,11,520
(ബി) ട്രൈബൽ ഡവലപ്പ്മെന്റ് പ്ലാൻ സ്റ്റഡി	തിരുവനന്തപുരം (ബി)	3,00,000
4. "വാട്ടർ ക്വാളിറ്റി മാനേജ്മെന്റ്" സ്റ്റഡി	കേരള വാട്ടർ അതോറിറ്റി	2,80,000
5. വാട്ടർ ഷെഡ് മാനേജ്മെന്റ് സ്റ്റഡി	സി.ഡബ്ലിയു.ആർ.ഡി.എം. കോഴിക്കോട്	95,000

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മേല്പറഞ്ഞ 4, 5 എന്നീ ഇനങ്ങളിലെ സ്ഥാപനങ്ങൾ യോഗ്യരായ സർക്കാർ സ്ഥാപനങ്ങൾ എന്ന നിലയിൽ പ്രസ്തുത ജോലി അവരെ നേരിട്ട് ഏൽപ്പിക്കുകയാണ് ഉണ്ടായത്. എന്നാൽ മറ്റുള്ളവരെ കണ്ടെത്തുന്നതിന് ലോകബാങ്ക് മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി വിവിധ സ്ഥാപനങ്ങളിൽ നിന്ന് മത്സര രീതിയിലുള്ള ധനകാര്യ നിർദ്ദേശങ്ങളും അവരവരുടെ യോഗ്യത തെളിയിക്കുന്ന രേഖകളും സ്വീകരിച്ച് അർഹരായവർക്ക് ജോലി ഏൽപ്പിച്ച് കൊടുക്കുകയാണുണ്ടായത്.

മിനിമം കൂലി നിശ്ചയിക്കാൻ നടപടി

27 (*205) ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം വിഭാഗം തൊഴിലാളികൾക്കാണ് മിനിമം കൂലി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത് ;

(ബി) സർക്കാർ പ്രഖ്യാപിച്ച മിനിമം കൂലി ലഭിക്കാത്തതായ ഏതെങ്കിലും തൊഴിലാളി വിഭാഗം സംസ്ഥാനത്തുണ്ടോ ; എങ്കിൽ അവ ഏതെല്ലാം വിഭാഗമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ വിഭാഗത്തിന് മിനിമം കൂലി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) മിനിമം കൂലി പ്രഖ്യാപിച്ചിട്ടുള്ള തൊഴിൽ മേഖലകൾ അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മിനിമം വേതനം ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ നടപടികൾ സ്വീകരിക്കാറുണ്ട്.

സഹകരണ സ്ഥാപനങ്ങളിലൂടെയുള്ള പാചകവാതക വിതരണം

28 (*206) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. പി. രാഘവൻ :
ശ്രീ. എം. എ. തോമസ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly